**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 2017 ജനുവരി 6 മുതൽ ഫെബ്രുവരി 20 വരെ എടപ്പാൾ സ്പോർട്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ശുകപുരം സഫാരി ഗ്രൗണ്ടിൽ വെച്ച് നടത്തുന്ന അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ ടൂർണമെന്റിനെ വിനോദനികുതിയിൽ നിന്നും ഒഴിവാക്കൽ- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ) നം.4/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം. 03/01/2017.

---

പരാമർശം: 1.എടപ്പാൾ സ്പോർട്സ് അസോസിയേഷൻ സെക്രട്ടറിയുടെ 27.12.2016 ലെ കത്ത്.

2. വട്ടംകുളം ഗ്രാമ പഞ്ചായത്തിന്റെ 9.12.2016 ലെ 3(7)-ാംനമ്പർ തീരുമാനം.

**ഉത്തരവ്**

മേൽ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ 2017 ജനുവരി 6 മുതൽ ഫെബ്രുവരി 20 വരെ എടപ്പാൾ സ്പോർട്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ശുകപുരം സഫാരി ഗ്രൗണ്ടിൽ വെച്ച് നടത്തുന്ന അഖിലേന്ത്യാ സെവൻസ് ഫുട്ബാൾ ടൂർണമെന്റിനെ, പഞ്ചായത്തിന്റെ പാലിയേറ്റീവ് കെയറിനായി 100000/- (ഒരു ലക്ഷം )രൂപയും പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയിലേക്ക് 50000/-(അമ്പതിനായിരം) രൂപയും നൽകണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർട്ടെയിൻമെന്റ് ടാക്സ് ആക്ട് 7 എ വകുപ്പ്പ്രകാരം വിനോദനികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു. ടിക്കറ്റ് ചാർജിൽ നിന്നും നികുതി ഒഴിവാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ വിശ്രുതൻ ആചാരി
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, എടപ്പാൾ സ്പോർട്സ് അസോസിയേഷൻ , എടപ്പാൾ.
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം.
സെക്രട്ടറി, വട്ടംകുളം ഗ്രാമ പഞ്ചായത്ത്, മലപ്പുറം ജില്ല.
പ്രിൻസിപ്പൽ എ.ജി. (എൽ.ബി.എ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ എ.ജി. (എ & ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

പകർപ്പ് സെക്ഷൻ ഓഫീസർ

1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന് .
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ.യ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി .എ.യ്ക്ക്